ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പെരുവണ്ണാൻ സമുദായത്തെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആ സമുദായക്കാർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. അവർക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഒ.ഇ.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

പട്ടികജാതി വികസന വകുപ്പിൽ വാങ്ങിയ കമ്പ്യൂട്ടറുകൾ

61 [5438] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും തുകയും എണ്ണവും വെളിപ്പെടുത്തുമോ;

(ബി) ഈ ആവശ്യത്തിനായി പട്ടികജാതി വികസന ഡയറക്ടർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി എത്രയാണ്;

(സി) കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് പത്ര പരസ്യമോ ടെൻഡറോ വിളിച്ചിരുന്നുവോ;

(ഡി) ഇല്ലെങ്കിൽ എങ്ങനെയാണ് ഇവ വാങ്ങിയതെന്ന് വിശദീകരിക്കുമോ;

(ഇ) സ്റ്റോർ പർച്ചേസ് നിയമാവലിയുടെ അടിസ്ഥാനത്തിലാണോ കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽ 55,27,980 (അമ്പത്തിഅഞ്ച് ലക്ഷത്തി ഇരുപത്തിയേഴായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) രൂപയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇവയുടെ എണ്ണം താഴെ പറയുന്ന വിധത്തിലാണ്:

1.	കമ്പ്യൂട്ടർ	..	94എണ്ണം
2.	ലേസർ പ്രിന്റർ	..	40 ,,
3.	യു. പി. എസ്.	..	80 ,,
4.	കളർ പ്രിന്റർ	..	2 ,,
5.	ഇൻക്ജെറ്റ് പ്രിന്റർ	..	7 ,,
6.	സ്കാനർ	..	2 ,,
7.	മോഡം	..	8 ,,
8.	സെർവർ	..	1 ,,

(ബി) ഈ ആവശ്യത്തിനായി പട്ടികജാതി വികസന ഡയറക്ടർക്ക് ഒരു സമയം 3 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാൻ അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ഇല്ല. കെൽട്രോണിൽനിന്നും വാങ്ങുമ്പോഴും റേറ്റ് കോൺട്രാക്ട് അനുസരിച്ച് വാങ്ങുമ്പോഴും പത്ര പരസ്യമോ, ടെൻഡറോ ആവശ്യമില്ല. കെൽട്രോൺ കോട്ട് ചെയ്ത വിലയിൽനിന്നും കുറഞ്ഞ നിരക്കിൽ റേറ്റ് കോൺട്രാക്ട് പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങിയതിനാൽ ചെലവു കുറയ്ക്കുവാനും സാധിച്ചു.

(ഇ) സ്റ്റോർ പർച്ചേസ് നിയമാവലിയുടെ അടിസ്ഥാനത്തിലാണ് റേറ്റ് കോൺട്രാക്ട് പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങിയത്.

പട്ടികജാതി വികസന വകുപ്പ് മുഖേന കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ

62 [5439] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സർക്കാർ എത്ര സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിരുന്നു;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുപോലെ പുതുതായി എത്ര സ്വകാര്യ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(സി) ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ സർക്കാർ അനുമതിയില്ലാതെ എത്ര എണ്ണത്തിന് 75 ശതമാനം ഫീസ് മുൻകൂറായി പട്ടികജാതി വികസന ഡയറക്ടർ അനുവദിച്ചു നൽകുകയുണ്ടായി;

(ഡി) ഇതിൽ എത്ര തുക മാറി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഡയറക്ടറുടെ ഈ നടപടിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

എസ്.എസ്.എൽ.സി., പ്ലസ് ടു തോറ്റ കുട്ടികൾക്ക് ട്യൂട്ടോറിയലിൽ പഠിക്കുന്നതിന് ധനസഹായം

63 [5440] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ തോറ്റ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ടോയെന്ന് അറിയിക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നത് എപ്രകാരമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതനുസരിച്ച് എത്ര കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly